**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 902** — **30-06-2022 - ൽ മറുപടിയ്ക്ക്**

**നല്ല തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യുന്നത് വഴിയുള്ള നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിലെ ഡിപ്പോകൾ കേന്ദ്രീകരിച്ച് നല്ല തടികൾ വിറകാക്കി കാണിച്ച് ലേലം ചെയ്യുന്നത് വഴി കോടികളുടെ നഷ്ടം വരുത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇപ്രകാരം ചെയ്യുന്നത് മൂലം തടി ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന വിലയ്ക്ക് പുറമെ, വിറകിന് ജി.എസ്.ടി. ഇല്ലാത്തതിനാൽ ആ ഇനത്തിലും സർക്കാരിന് നഷ്ടമുണ്ടാക്കുന്നുണ്ടോ; | (ബി) | (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | ഇപ്രകാരം ചെയ്തതു മൂലം സംസ്ഥാനത്തിന് എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (സി) | (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) | പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ നടത്തുകയുണ്ടായോ; എങ്കിൽ കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ; | (ഡി) | വനം വകുപ്പിൽ വിജിലൻസ് വിഭാഗവും മറ്റ് വകുപ്പ്തല ഉദ്യോഗസ്ഥരും സമയാസമയങ്ങളിൽ ആവശ്യമായ പരിശോധനകൾ നടത്തി വരുന്നുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ ആരെയും കുറ്റക്കാരായി നിലവിൽ കണ്ടെത്തിയിട്ടില്ല. |
| (ഇ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നതായി കണ്ടെത്തിയിട്ടുള്ള ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | തടി മുറിച്ച് ശേഖരിക്കുമ്പോൾ ടിംബർ ക്ലാസിഫിക്കേഷൻ റൂളുകൾ കർശനമായി പാലിക്കുന്നുണ്ട്. ഇതിനായി കർശന മാർഗ്ഗ നിർദ്ദേശങ്ങൾ 23.11.2021 ൽ 12/2021 നമ്പരായി സർക്കുലർ പുറപ്പെടുവിച്ച്, ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ഉൾപ്പെടെ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, വിജിലൻസ് വിഭാഗത്തിനും നൽകി കർശന പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ വകുപ്പ്തല അവലോകന യോഗങ്ങളിൽ ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ